പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5710 02-7-2014-ൽ മറുപടിക്ക്

എടപ്പാൾ ഡാമിലെ കുടിവെള്ളപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ.ടി.ജലീൽ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ എടപ്പാൾ ഡാമിലെ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനകാലാവധി എത്ര വർഷമായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) മലപ്പുറം ജില്ലയിൽ എടപ്പാൾ പി.എച്ച്. ഡിവിഷന്റെ കീഴിൽ ഡാനിഡ (ഡെൻമാർക്ക് സർക്കാരിന്റെ അന്തർ ദേശീയ വികസന സമിതി) സഹായത്തോടുകൂടിയുള്ള കുടിവെള്ള പദ്ധതി 1981 മുതൽ 2011 വരെ 30 വർഷത്തേക്കാണ് വിഭാവനം ചെയ്തിരുന്നത്. |
| (ബി) പ്രസ്തുത പദ്ധതിക്ക് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ? | (ബി) ഇല്ല |
| (സി) ഇല്ലെങ്കിൽ എന്തുകൊണ്ട് സ്ഥാപിക്കാത്തത് എന്ന് വ്യക്തമാക്കുമോ? | (സി) ഈ പദ്ധതിയുടെ ഉറവിടം തൃക്കണാപുരത്തിനടുത്ത് ഭാരതപ്പുഴയാണ്. ഭാരതപ്പുഴയിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി വെള്ളം സംഭരിച്ച് ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കി കുടിവെള്ളം വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതും, പദ്ധതി പ്രവർത്തനം തുടങ്ങിയതും. എന്നാൽ അശാസ്ത്രീയമായുള്ള പുഴയിലെ മണലെടുപ്പ് കാരണം ഇൻഫിൽട്രേഷൻ ഗ്യാലറികളുടെ പ്രവർത്തനം ഇപ്പോൾ വേണ്ടവിധം നടക്കുന്നില്ല. 7 MLD ട്രീറ്റ് മെന്റ് പ്ലാന്റുണ്ടാക്കുവാൻ നിർ ദ്ദേശമുണ്ട്. സ്ഥലം ലഭ്യമായാൽ പണികൾ ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ